പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **6923** 02 /11/2011 ൽ മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്നും ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസർമാർ നൽകി വരുന്നത്; | (എ) 27/04/2007 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നം. 136/2007/ആർ.ഡി പ്രകാരം ജാതി സർട്ടിഫിക്കറ്റ് (പട്ടിക ജാതി/ പട്ടിക വർഗ്ഗ സമുദായം ഒഴികെ), അഗതി സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി/ഡൊമിസൈൽ സർട്ടിഫിക്കറ്റ്, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, പൊസഷൻ ആന്റ് നോൺ- അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ്, വിധവ സർട്ടിഫിക്കറ്റ്, നോൺ റീ-മാരേജ് സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്,ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നീ സർട്ടിഫിക്കറ്റുകൾ സംസ്ഥാനാവശ്യങ്ങൾക്കായി വില്ലേജ് ഓഫീസർ നൽകി വരുന്നു. |
| (ബി) ഇത് സമയ ബന്ധിതമായി കൊടുത്തു തീർക്കുന്നതിന് വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) എങ്കിൽ സംസ്ഥാനത്താകെ എത്ര വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്; | (സി) 938 വില്ലേജുകൾ |
| (ഡി) ബാക്കിയുള്ളവ എന്ന് ചെയ്തു തീർക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതികളായ NLRMP, ഇ-ഡിസ്ട്രിക്ട് എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ